പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2354 — 18.06.2014- ലെ മറുപടിക്ക്

## നൂറനാട് ലെപ്രസി സാനിട്ടോറിയത്തിലെ ഫിസിയോതെറാപ്പി യൂണിറ്റ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ആർ. രാജേഷ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | നൂറനാട് ലെപ്രസി സാനിട്ടോറിയത്തിലെ ഫിസിയോതെറാപ്പി യൂണിറ്റ് അടച്ച് പൂട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | ഇവിടെ ഫിസിയോതെറാപ്പി വിഭാഗം പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | ബി) | ഫിസിയോതെറാപ്പിസ്റ്റന്റെ തസ്തിക നിലവിലില്ലാത്തതിനാൽ 01/04/2014 മുതൽ ഫിസിയോതെറാപ്പി വിഭാഗം പ്രവർത്തിക്കുന്നില്ല. ഇവിടെ നിലവിലുണ്ടായിരുന്ന ഫിസിയോ തെറാപ്പിസ്റ്റ് തസ്തിക സൂപ്പർ ന്യൂമററി ആയി എൻ. എൽ. ഇ. പി. യിൽ നിന്ന് വന്നതാണ്. 31/03/2012-ൽ റിട്ടയർ ചെയ്തശേഷം എൻ. ആർ. എച്ച്. എം. വഴി നിയമനം നടത്തി 31/03/2014 വരെ ജോലി ചെയ്തിരുന്നു. പിന്നീട് ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം നൽകാൻ കഴിയില്ലെന്ന എൻ. അർ. എച്ച്. എം. അറിയിച്ചിരുന്നു. |
| സി) | ലെപ്രസി സാനിട്ടോറിയം പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | നൂറനാട് ലെപ്രസി സാനിട്ടോറിയം താലൂക്ക് ആശുപത്രിയായി ഉയർത്തുവാൻ വേണ്ട വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ, ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**